Draft #4 of File 44278/DOCUMENT DIGITALISATION - SO/2020/EDDS Approved by ASSISTANT REGISTRAR XX (EXAM) on 05-May-2022 04:46 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ടാബുലേഷൻ രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷൻ - ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് - ഡിജിറ്റൽ പകർപ്പുകളെ ആധികാരിക രേഖയായി അംഗീകരിക്കുന്നതിനുള്ള പ്രാബല്യത്തീയതി നിശ്ചയിച്ച് ഉത്തരവാകുന്നു.

---

EXAM DOCUMENT DIGITALISATION SECTION

നമ്പർ. 4720/EDDS/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.05.2022

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നമ്പർ 1306/പി ആൻറ് ഡി 1 /2019/അഡ്മിൻ തീയതി 30/03/2019.

2. സർവ്വകലാശാല നിയമോപദേശകന്റെ 27/10/2020 തീയതിയിലെ നിയമോപദേശം.

3 . സർവ്വകലാശാല ഉത്തരവ് നമ്പർ 713/പി ആൻറ് ഡി /2021/എംജിയു തീയതി 02/02/2021.

**ഉത്തരവ്**

പരാമർശം (1) പ്രകാരം പരീക്ഷാ വിഭാഗത്തിലെ ടാബുലേഷൻ രെജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി Uralungal labour Contract Cooperative Society (ULCCS ) യുടെ ഭാഗമായ Uralungal Labour Technology Solutions (ULTS ) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചിരുന്നു . തദനുസരണം പരീക്ഷാ രേഖകളുടെ ഡിജിറ്റൈസേഷൻ പ്രവൃത്തികൾ 2020 ഫെബ്രുവരി മാസത്തിൽ ആരംഭിക്കുകയും 2022 മെയ് 09-ാം തീയതി പ്രൊജക്റ്റ് കമ്മീഷൻ ചെയ്യുകയുമാണ്.

ഡിജിറ്റൽ രേഖകളുടെ അധികാരികത സംബന്ധിച്ച് സർവകലാശാലയുടെ നിയമ ഉപദേഷ്ടാവിനോട് വിദഗ്ദ്ധാഭിപ്രായം ആരാഞ്ഞിരുന്നു. പരാമർശം (2) പ്രകാരം പ്രകാരം , ഐ ടി ആക്ട് 2000 ലെ അധ്യായം 3 , സെക്ഷനുകൾ 4 , 7 അനുസരിച്ച് കയ്യെഴുത്തുപ്രതികൾ/കമ്പ്യൂട്ടർ പ്രിന്റുകൾ ആയി സൂക്ഷിച്ചുവരുന്ന പരീക്ഷാ രേഖകളുടെ ഡിജിറ്റൽ പകർപ്പുകൾക്ക് നിയമസാധുത ലഭിക്കുമെന്ന് നിയമോപദേശം ലഭിച്ചിരുന്നു.

പരാമർശം (3) പ്രകാരം 31/12/2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം സർവകലാശാല നിയമോപദേശകന്റെ നിയമോപദേശം കൂടി പരിഗണനയിലെടുത്തു താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടിരുന്നു. " പരീക്ഷകളുമായി ബന്ധപ്പെട്ട ടാബുലേഷൻ രജിസ്റ്ററുകളുടെയും മറ്റ് രേഖകളുടെയും ഡിജിറ്റൽ പകർപ്പുകൾക്ക് നിയമസാധുത നൽകുവാനും, ടി ഡിജിറ്റൽ പകർപ്പിനെ 2021 ഏപ്രിൽ 1 മുതൽ ആധികാരിക രേഖയാക്കി കണക്കാക്കുവാനുള്ള ഗസറ്റ് വിജ്ഞാപനം ഇറക്കുവാനും എന്തെങ്കിലും താമസം ഇക്കാര്യത്തിൽ ഉണ്ടായാൽ പ്രാബല്യ തീയതി നിശ്ചയിക്കുന്നതിന് ബഹു. വൈസ് ചാൻസിലറെ ചുമതലപ്പെടുത്തുന്നതിനും , പഴക്കം ചെന്ന രേഖകൾക്ക് രാസ സംരക്ഷണം നൽകി

സുക്ഷിക്കുന്നതിനും തീരുമാനിച്ചു ".
പരീക്ഷ രേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട അവശേഷിക്കുന്ന എല്ലാ പ്രവൃത്തികളും 2022 മെയ് 31 ന മുൻപ് തീർക്കുവാൻ സാധിക്കുമെന്ന് നിർവഹണ സ്ഥാപനവും അറിയിച്ചിട്ടുണ്ട്. .

മേൽ സാഹചര്യങ്ങൾ പരിഗണിച്ച് 2022 ജൂൺ 01-ാം തീയതി മുതൽ പരീക്ഷാ രേഖകളുടെ ഡിജിറ്റൽ പകർപ്പുകളെ ആധികാരിക രേഖയായി അംഗീകരിച്ച് കൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുപ്പിക്കുന്നതിന് ബഹു. വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.
തദ്ദനുസരണം ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

അജിത് കുമാർ വി

അസിസ്റ്റന്റ് രജിസ്ട്രാർ 20 (പരീക്ഷ)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലർ / പ്രോ - വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. എല്ലാ ജെ ആർ/ഡി ആർ/എ ആർ
4. എല്ലാ സെക്ഷനുകൾക്കും.
5 . അക്കാദമിക്ക് ലെജിസ്ലേഷൻ സെക്ഷൻ ( തുടർ നടപടികൾക്ക് )
6 . സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 44278/DOCUMENT DIGITALISATION - SO/2020/EDDS Approved by ASSISTANT REGISTRAR XX (EXAM) on 05-May-2022 04:46 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം